# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3473

09.04.2013-ൽ മറുപടിയ്ക്ക്

### പാലങ്ങളിലെ ടോൾ പിരിവ്

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) കേരളത്തിൽ ടോൾ പിരിവ് നടത്തുന്ന എത്ര പാലങ്ങളുണ്ട്; പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപ ലഭിക്കുന്നുണ്ട്; വിശദമാക്കുമോ; | (എ) കേരളത്തിൽ ടോൾ പിരിവ് നടത്തുന്ന 32 പാലങ്ങളുണ്ട്. 31.03.2013 വരെ ടോൾ ഇനത്തിൽ 93,82,00,455/- രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) കാലാവധി കഴിഞ്ഞ ടോൾ കേന്ദ്രങ്ങളിൽ ഇപ്പോഴും ടോൾ പിരിവുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പ്രസ്തുത രീതിയിൽ എത്ര ടോൾ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത ടോൾ കേന്ദ്രങ്ങളുടെ വിശദവിവരം നൽകുമോ; | (ബി) & (സി) കാലാവധി കഴിഞ്ഞ ടോൾ കേന്ദ്രങ്ങളിൽ ടോൾ പിരിവുകൾ നടക്കുന്നില്ല. അതേ സമയം കേന്ദ്രനിയമമനുസരിച്ച് ദേശീയ പാതകളിലെ പാലങ്ങളിൽ ടോൾ പിരിവ് നിരന്തരമാണ്. |
| (ഡി) ടോൾ പിരിവ് നടത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | (ഡി) കേരള ടോൾസ് (അമന്റ്മെന്റ്) ആക്ട് 2013 പ്രകാരം അഞ്ചു കോടി രൂപയിലധികം ആകെ നിർമ്മാണച്ചെലവ് വേണ്ടി വരുന്ന പാലങ്ങളിൽ നിന്നാണ് ടോൾ പിരിക്കുന്നത്. പത്ത് കോടി രൂപ വരെയും, അതിൽ കൂടുതൽ നിർമ്മാണച്ചെലവും വേണ്ടിവരുന്ന പാലങ്ങളിൽ നിന്ന് യഥാക്രമം 15 വർഷവും, 20 വർഷവുമാണ് ടോൾ പിരിക്കുന്നത്. ദേശീയപാതകളിലെ പാലങ്ങളുടെ ടോൾപിരിവ് കേന്ദ്ര |

ഉപരിതല ഗതാഗത വകുപ്പ് കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ചാണ് പിരിക്കുന്നത്., ഇത് നിരന്തരവുമാണ്. കേരള റോഡ്സ് & ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കേരള റോഡ് ഫണ്ട് ആക്റ്റ് പ്രകാരം 15 വർഷത്തേക്കാണ് നിശ്ചിത നിരക്കിൽ ടോൾ പിരിക്കുന്നത്.

സെക്ഷൻ ഓഫീസർ